ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ22/12033/2013/സിഇ/തസ്വഭവ. തീയതി: 10.12.2013

# സർക്കുലർ

സർ,

വിഷയം:- തസ്വഭവ - ജീവനക്കാര്യം - വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടിക - പരാതികൾ - നേരിട്ട് കേൾക്കൽ - സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ നം: ഇ22/12033/2013/സിഇ/തസ്വഭവ. തീയതി: 25.11.2013, 30.11.2013

മേൽ സൂചന പ്രകാരം **"celsgd.com"** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സീനിയർ ക്ലാർക്കുമാരുടെ താൽക്കാലിക മുൻഗണനാ പട്ടികയുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ / നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. ആയതിൻ പ്രകാരം പ്രസ്തുത പരാതി പരിഹാരവുമായി ബന്ധപ്പെട്ട് ടി ലിസ്റ്റിൽ നിന്നുള്ള ഒന്നു മുതൽ മുപ്പതു വരെയുള്ള സീനിയർ ക്ലാർക്കുമാരെ നേരിട്ട് കേൾക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നതിനാൽ പ്രസ്തുത മുപ്പതു സീനിയർ ക്ലാർക്കുമാർ **13.12.2013 ന് രാവിലെ 10 മണിക്കു** തന്നെ ഈ ഓഫീസിൽ ഹാജരാകണമെന്ന് അറിയിക്കുന്നു. മുൻഗണനാ പട്ടികയ്ക്ക് എതിരെ പരാതിയുള്ളവർ ആയത് തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ കൃത്യമായി കൊണ്ടുവരേണ്ടതാണ്. മാതൃവകുപ്പിൽ പ്രമോഷൻ ലഭിച്ചത് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട് പല ജീവനക്കാരുടെയും സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ആയതിന് ആസ്പദമായ വകുപ്പു തലവന്റെ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കണമെന്ന് അറിയിക്കുന്നു.

കൂടാതെ പ്രസ്തുത മുൻഗണനാ പട്ടികയ്ക്കെതിരെ പരാതികൾ ഉന്നയിച്ചിട്ടുള്ള ചുവടെ പേരുകാർ

1) ശ്രീ.അബ്ദുൾസലാം.പി.എസ്
2) ശ്രീ.ഉദയകുമാർ.എം
3) ശ്രീ.നീലകണ്ഠൻ.പി
4) ശ്രീ.റോയി.വി.കുര്യാക്കോസ്
5) ശ്രീ.ഉദയകുമാർ.കെ.പി
6) ശ്രീ.ഇക്ബാൽ.പി.എം
7) ശ്രീ.ടോംസി മാത്യൂ

8) ശ്രീ.അഷറഫ്.കെ

9) ശ്രീ.കരുണാകരൻ.കെ

10) ശ്രീ.സത്യനാരായണൻ.സി

11) ശ്രീ.രാജീവ്.എം

12) ശ്രീ.ബാബു.വി

എന്നീ സീനിയർ ക്ലാർക്കുമാരും അവരവരുടെ വാദം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം **13.12.2013 ൽ** ഈ ഓഫീസിൽ നേരിട്ട് ഹാജരാകണമെന്ന് അറിയിക്കുന്നു. നേരിട്ട് ഹാജരായി രേഖകൾ സമർപ്പിക്കാത്ത പക്ഷം ആക്ഷേപങ്ങൾ / പരാതികൾ ഇല്ല എന്ന നിഗമനത്തിലെത്തി നടപടികൾ തീർപ്പാക്കുന്നതാണ്. മുപ്പതു മുതൽ എഴുപതു വരെ ലിസ്റ്റിൽപ്പെട്ട സീനിയർ ക്ലാർക്കുമാരെ തുടർന്നൊരറിയിപ്പിലൂടെ നേരിട്ട് കേൾക്കുന്നതും അതിനു ശേഷം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്.

**വിശ്വസ്തതയോടെ,**

**ചീഫ് എൻജിനീയർ**

പകർപ്പ് : എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

എല്ലാ അസി. എക്സി. എഞ്ചിനീയർമാർക്കും

എല്ലാ അസി. എഞ്ചിനീയർമാർക്കും

(പ്രസ്തുത ലിസ്റ്റിൽപ്പെട്ട സീനിയർ ക്ലാർക്കുമാരെ വിവരങ്ങൾ അറിയിക്കുന്നതിലേക്കായി)

പകർപ്പ് : ഈ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ജൂനിയർ സൂപ്രണ്ടന്റ് (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അധിക ചുമതല) സീനിയർ ക്ലാർക്കുമാരായ X. റോബിൻസൺ, ബിനു.കെ.പി, കലേഷ്കുമാർ.വി.എസ്, ക്ലാർക്കായ ശ്രീമതി.രമ്യ.വി.ആർ എന്നിവരുടെ അിറവിലേയ്ക്കായി